# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4447 17.12.2014-ൽ മറുപടിയ്ക്ക്

**മാവേലിക്കര കോട്ടത്തോട് സംരക്ഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ് : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര കോട്ടത്തോട് സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടത്തോടിന്റെ മാവേലിക്കര കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റ് മുതൽ മണ്ഡപംകടവ് വരെയുള്ള ഭാഗം നവീകരിക്കുന്നതിനും മാലിന്യമുക്തമാക്കാനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമായി 32.50ലക്ഷം രൂപ അനുവദിക്കുകയും ദർഘാസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കോട്ടത്തോട് സമ്പൂർണ്ണമായി നവീകരിക്കുന്നതിന് 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് വകുപ്പു തലത്തിൽ തയ്യാറാക്കി വരുന്നു. |
| (ബി) മാവേലിക്കര തഴക്കര കരമ്പിൻകാവ് ക്ഷേത്രത്തിന് സമീപം മേജർ ഇറിഗേഷന് സമർപ്പിച്ചിട്ടുള്ള പില്ലിംഗ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;<br><br>(സി) മാവേലിക്കര തഴക്കര പഴവാടി കടവ് നിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ബി) & (സി)<br><br>മാവേലിക്കര തഴക്കര കരമ്പിൻകാവ് ക്ഷേത്രത്തിന് സമീപം "ബലിക്കടവിന്റെ നിർമ്മാണവും സംരക്ഷണഭിത്തി ഉയർത്തലും" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ സി.പി.ഡബ്ല്യൂ.ഡി നിരക്ക് പ്രകാരം വകുപ്പു തലത്തിൽ തയ്യാറാക്കി വരുന്നു. കൂടാതെ മാവേലിക്കര - തഴക്കര പഴുവാടി കടവ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പുതുക്കിയ സി.പി.ഡബ്ല്യൂ.ഡി നിരക്ക് പ്രകാരം വകുപ്പു തലത്തിൽ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**